നവകേരളം കർമപദ്ധതി

16

# നവകേരളം വാർത്ത

2023 ജൂലൈ 16-31 ന്യൂസ്‌ലെറ്റർ

ഓൺലൈൻ വായനയ്ക്ക്

## ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഹരിതകേരളം മിഷനുമായി കൈകോർത്ത് ഡിജിറ്റൽ യൂണിവേഴ്സിറ്റി



നവകേരളം കർമപദ്ധതിയിൽ നീർച്ചാലുകളുടെയും ജല സ്രോതസ്സുകളുടെയും പുനരുജ്ജീവന പ്രവർത്തനങ്ങളിൽ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി ചില പദ്ധതികൾ കണ്ടെത്താനുള്ള പരിശ്രമങ്ങളാണ് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ഇക്കോളജിക്കൽ ഇൻഫർമാറ്റിക്സ് വകുപ്പും സോഷ്യൽ എൻഗേജ്മെന്റ് സെല്ലും നിർവഹിക്കുന്നതെന്ന് ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് അഭിപ്രായപ്പെട്ടു. പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ കീഴ്തോന്നക്കൽ വില്ലേജിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഹരിതകേരളം മിഷനുമായി ചേർന്ന് ജലസംരക്ഷണ മേഖലയിൽ നടത്താനുള്ള പദ്ധതികളുടെ ആസൂത്രണത്തിനായി നടത്തിയ ശിൽപശാലയിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ശിൽപശാല ഉദ്ഘാടനം ചെയ്തു. വികസനത്തിന്റെ അനിവാര്യതയിൽ വരുന്ന പരിസ്ഥിതി പ്രശ്നങ്ങളെ കണ്ടെത്താനും, തിരിച്ചറിയാനും, പരിഹരിക്കാനുമുള്ള ശ്രമങ്ങളിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് സാങ്കേതികമായി സഹായിക്കാൻ കഴിയുമെന്നും ഡോ. ടി.എൻ. സീമ പറഞ്ഞു. പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനിൽകുമാർ, തൊഴിലുറപ്പ് മിഷൻ അസി. കോർഡിനേറ്റർ പി. ബാലചന്ദ്രൻ നായർ, ശ്രീലേഖ, ഡോ. രാധാകൃഷ്ണൻ, ഡോ. പ്രദീപ്, ഡോ. സൂരജ് (ഡിജിറ്റൽ യൂണിവേഴ്സിറ്റി), എന്നിവർ സംസാരിച്ചു. പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ പരിസ്ഥിതി പുനഃസ്ഥാപനത്തിനുള്ള പ്രവർത്തന സാധ്യതകൾ നവകേരളം കർമപദ്ധതി പ്രോഗ്രാം ഓഫീസർ വി. രാജേന്ദ്രൻ നായർ അവതരിപ്പിച്ചു. ജലസേചന വകുപ്പിൽ നിന്നും എക്സിക്യൂട്ടിവ് എഞ്ചിനീയർമാരായ സുശീല, സുജ എന്നിവർ ജലസേചന വകുപ്പ് സാധ്യതകൾ അവതരിപ്പിച്ചു.

## ആരോഗ്യ രംഗത്ത് സമ്പൂർണ ഡിജിറ്റലൈസേഷൻ സാധ്യമാക്കും: മന്ത്രി വീണാ ജോർജ്



ആരോഗ്യ രംഗത്ത് സമ്പൂർണ ഡിജിറ്റലൈസേഷൻ സാധ്യമാക്കുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിലെ പണ്ടപ്പിള്ളി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെയും ലബോറട്ടറി നിർമ്മാണ പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം മന്ത്രി നിർവഹിച്ചു. ആരോഗ്യ മേഖലയിൽ നടപ്പിലാക്കുന്ന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ നൂതനാശയങ്ങളുടെ ഗുണഫലം സാധാരണ ജനങ്ങൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

നവകേരളം കർമപദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലയിലും ആശുപത്രികളിലെ ലാബുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കൂടുതൽ മികച്ച ചികിത്സാ രീതി നൽകുന്നതിന് നിർണ്ണയ പദ്ധതി ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

2018ലെ പ്രളയ ദുരിതാശ്വാസ പദ്ധതി പ്രകാരം നിർമ്മിച്ച പുതിയ കെട്ടിടം നവീകരിച്ചാണ് കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയത്. ആർദ്രം പദ്ധതിയുടെ ഭാഗമായാണ് നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. ചടങ്ങിൽ മാത്യു കുഴൽനാടൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു.

# മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ ലൈഫ് വീടുകളുടെ താക്കോൽദാനം നടത്തി



കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ നിർമാണം പൂർത്തിയാക്കിയ പത്തു വീടുകളുടെ താക്കോൽദാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോയ് കുഴിപ്പാല നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷേർളി ബേബി അധ്യക്ഷത വഹിച്ചു.

മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ 2021, 2022, 2023 വർഷങ്ങളിലായി 62 വീടുകൾക്ക് നിർമ്മാണാനുമതി നൽകിയതിൽ പൂർത്തിയായ 10 വീടുകൾക്കാണ് താക്കോൽ കൈമാറിയത്. പരിപാടിയുടെ ഭാഗമായി ലൈഫ് ഭവന ഗുണഭോക്തൃ സംഗമവും നടന്നു.

# ചിറ്റാർ ഗ്രാമപഞ്ചായത്തിൽ കുടുംബാരോഗ്യ കേന്ദ്രം

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിൽ പുതിയ കുടുംബാരോഗ്യ കേന്ദ്രത്തിനായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ഉദ്ഘാടനം ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിച്ചു. കോന്നി എം.എൽ.എ. അഡ്വ. കെ.യു. ജനീഷ് കുമാർ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ആരോഗ്യ വകുപ്പിന്റെ വാർഷിക പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ആദിവാസി മേഖലയിലുള്ള ചിറ്റാർ സാമൂഹിക കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി രണ്ടു കോടി രൂപ അനുവദിച്ചത്. പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിൽ ആറ് ഒ.പി. മുറികൾ, വെയിറ്റിംഗ് ഏരിയ, ലാബ്, പ്രീ ചെക്ക് റൂം, ലിഫ്റ്റ്, ശുചിമുറികൾ എന്നീ സൗകര്യങ്ങൾ ഉണ്ടാകും.



# പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുന്നേറ്റത്തിന് വഴിയൊരുക്കി: മന്ത്രി വീണാ ജോർജ്



സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല വലിയ രീതിയിൽ മുന്നേറുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴിയൊരുക്കിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്ജ്. പത്തനംതിട്ട ജില്ലയിലെ വള്ളംകുളം ഗവ. ഡി.വി.എൽ.പി. സ്കൂളിലെ പ്രീ-സ്കൂൾ വിദ്യാലയ നവീകരണ പദ്ധതി വർണ്ണക്കൂടാരം മഴവില്ല് മന്ത്രി ഉദ്ഘാടനം ചെയ്തു. കുട്ടികൾക്ക് മികച്ച പഠന അവസരങ്ങൾ ലഭിക്കുന്നതിന് സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനവും പാഠ്യപദ്ധതി പരിഷ്കരണത്തിന് ആവശ്യമായ ഇടപെടലുകളും സർക്കാർ നടത്തിയെന്നും മന്ത്രി പറഞ്ഞു.

## സ്കൂളുകളിലെ അടിസ്ഥാനസൗകര്യം വർധിപ്പിക്കാൻ ചെലവിട്ടത് 3800 കോടി: മന്ത്രി വി. ശിവൻകുട്ടി



സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളും ഗുണനിലവാരവും വർധിപ്പിക്കുന്നതിനായി ഏഴുവർഷത്തിനിടെ സർക്കാർ 3800 കോടി രൂപ ചെലവഴിച്ചതായി പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. കിഫ്ബിയിലൂടെ 4.93 കോടി രൂപ ചെലവിൽ നിർമിച്ച കോട്ടയം ജില്ലയിലെ കാരാപ്പുഴ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ മൂന്നുനില മന്ദിരത്തിന്റെ ഉദ്ഘാടനം മന്ത്രി നിർവഹിച്ചു. കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങൾ ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്ന നടപടികളാണ് സർക്കാർ നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു. പൂട്ടാനിരുന്ന സർക്കാർ സ്കൂളുകൾ വിദ്യാർഥികളാൽ നിറയുന്ന കാഴ്ചയാണ് കേരളത്തിൽ കാണുന്നതെന്നും സർക്കാർ മികച്ച അടിസ്ഥാന സൗകര്യങ്ങളാണ് സ്കൂളുകളിൽ ഒരുക്കുന്നതെന്നും യോഗത്തിൽ അധ്യക്ഷത വഹിച്ച സഹകരണ-രജിസ്ട്രേഷൻ വകുപ്പു മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി.

## ലൈഫ് ഭവന പദ്ധതി; ആദ്യ ഗഡു വിതരണം ചെയ്തു

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കുള്ള ആദ്യ ഗഡു വിതരണം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.വി. ബാലകൃഷ്ണൻ വിതരണോദ്ഘാടനം നിർവഹിച്ചു. തിരുനെല്ലി ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം.കെ. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. തിരുനെല്ലി പഞ്ചായത്തിലെ എസ്.ടി. വിഭാഗത്തിൽ പെടുന്ന 120 ഗുണഭോക്താക്കൾക്കാണ് ലൈഫ് ഭവന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഒന്നാം ഗഡു വിതരണം ചെയുന്നത്. ബാക്കിയുള്ള ഗുണഭോക്താക്കൾക്കുള്ള ആദ്യ ഗഡു വിതരണം ഉടൻ പൂർത്തിയാക്കുമെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി.ടി. വത്സലകുമാരി, സ്റ്റാൻഡിംഗ് കമ്മിറ്റി ഭാരവാഹിയായ റുഖിയ സൈനുദ്ദീൻ, വാർഡ് മെമ്പർമാർ തുടങ്ങിയവർ പങ്കെടുത്തു.

## മാലിന്യ സംസ്കരണം:
## റസിഡൻഷ്യൽ അസോസിയേഷനുകൾക്ക് സ്റ്റാർ പദവി നൽകും

ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് മികവ് പുലർത്തുന്ന റസിഡൻഷ്യൽ അസോസിയേഷനുകൾക്ക് സ്റ്റാർ പദവി നല്കും. കണ്ണൂർ ജില്ലാ ആസൂത്രണ സമിതി ഹാളിൽ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ ചേർന്ന റസിഡൻഷ്യൽ അസോസിയേഷൻ ഭാരവാഹികളുടെ യോഗത്തിലാണ് തീരുമാനം. എ.ഡി.എം.കെ. കെ. ദിവാകരൻ യോഗം ഉദ്ഘാടനം ചെയ്തു. മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുക, ജൈവ അജൈവ മാലിന്യങ്ങളെ തരംതിരിക്കുക, ഹരിത കർമസേനക്ക് യൂസർ ഫീ നല്കി മാലിന്യം കൈമാറുക, മാലിന്യക്കൂനകൾ നീക്കം ചെയ്യുക, സൗന്ദര്യവല്ക്കരണം നടത്തുക, നൂതന മാലിന്യ സംസ്കരണ മാതൃകകൾ നടപ്പാക്കുക തുടങ്ങിയവ മാനദണ്ഡമാക്കിയാണ് സ്റ്റാർ പദവി നല്കുക.




റസിഡന്റ്സ് അസോസിയേഷനുകളുടെ ജില്ലാ പ്രസിഡന്റ് ആർ. അനിൽ കുമാർ അധ്യക്ഷത വഹിച്ചു. തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടർ ടി.ജെ. അരുൺ മുഖ്യാതിഥിയായി. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ, കില ജില്ലാ ഫെസിലിറ്റേറ്റർ പി.വി. രത്നാകരൻ എന്നിവർ പദ്ധതി വിശദീകരിച്ചു.

## പള്ളിപ്പുറം തോന്നൽ ക്ഷേത്ര പരിസരത്ത് ദേവഹരിതം പദ്ധതി



തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത്, നവകേരളം കർമപദ്ധതി, കൃഷിഭവൻ, ദേവസ്വം ബോർഡ് എന്നിവയുടെ സഹകരണത്തോടെ പള്ളിപ്പുറം തോന്നൽ ദേവീക്ഷേത്ര പരിസരത്ത് ദേവഹരിതം പദ്ധതിക്ക് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ജമന്തി തൈ നട്ടു തുടക്കം കുറിച്ചു. പഞ്ചായത്ത് പ്രസിഡന്റ് എസ്. ഹരികുമാർ അധ്യക്ഷത വഹിച്ചു.

## ഔഷധ ഉദ്യാനത്തിൽ തൈകൾ നട്ട് എൻ.എസ്.എസ് വിദ്യാർത്ഥികൾ

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വയനാട് ജില്ലയിലെ കൽപ്പറ്റ എൻ.എം.എസ്സ്.എം. ഗവ. കോളേജിലെ അശോകവനം പച്ചത്തുരുത്തിൽ നൂറോളം തൈകൾ നട്ട് എൻ.എസ്.എസ്. വിദ്യാർത്ഥികൾ. മുപ്പത്തിയഞ്ച് ഇനത്തിലായ നൂറ്റമ്പതോളം ഔഷധ ചെടികളാണ് രണ്ടാംഘട്ടത്തിൽ ഇവിടെ നട്ടത്. കോളേജിലെ മൊട്ടക്കുന്നായിരുന്ന തരിശിടങ്ങളിൽ ഒരു ജൈവ ഔഷധ സസ്യ ആവാസ ലോകത്തെ സൃഷ്ടിച്ചെടുക്കുകയെന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, ഹരിതകേരളം മിഷൻ എന്നിവരുടെ ആഭിമുഖ്യത്തിൽ



ലോ കോളേജിലെ എൻ.എസ്.എസ്. യൂണിറ്റിന്റെ സഹകരണത്തോടെയാണ് ഔഷധ സസ്യ ഉദ്യാനം നിർമ്മിച്ചിരുന്നത്.

## ഈരാറ്റുപേട്ടയിൽ അതിഥി തൊഴിലാളികൾക്ക് ബോധവത്കരണം

നവകേരളം കർമപദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട നഗരസഭയെ മാലിന്യ വിമുക്തമാക്കുന്നതിനായി അതിഥി തൊഴിലാളികൾക്കായി ബോധവത്കരണ ക്ലാസ് നടത്തി. തൊഴിലാളികളുടെ



ഇടയിൽ ശരിയായ മാലിന്യ പരിപാലന ശീലം വളർത്തുന്നതിനായി ഈരാറ്റുപേട്ട നഗരസഭയും KSWMP യും ഹരിതകേരളം മിഷനും ചേർന്ന് തൊഴിലാളികൾക്കിടയിൽനിന്നും തിരഞ്ഞെടുത്ത പിയർ ലീഡേഴ്സിനായാണ് പരിശീലനം നൽകിയത്. പരിശീലനം നേടിയ ലീഡർമാരുടെ നേതൃത്വത്തിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ പിയർ എഡ്യൂക്കേഷനിലൂടെ ശരിയായ മാലിന്യ പരിപാലന ശീലം വളർത്തിയെടുക്കുവാനുള്ള ശ്രമമാണ് ലക്ഷ്യം വയ്ക്കുന്നത്. ഈരാറ്റുപേട്ട നഗരസഭയുടെ ആരോഗ്യ വിഭാഗം, ഹരിതകേരളം മിഷൻ, DPMU, PMC, TSC, PIU, എന്നിവയുടെ കൂട്ടായ ശ്രമമാണ് ഈ പരിപാടി.

## മല്ലപ്പുഴശേരി പഞ്ചായത്ത് ഇടപ്പറക്കാവ് പച്ചത്തുരുത്ത് ഉദ്ഘാടനം

പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശേരി ഗ്രാമപഞ്ചായത്തിൽ ഇടപ്പറക്കാവ് ശ്രീ മലദേവർ നടയിലെ 3 ഏക്കറുള്ള പച്ചത്തുരുത്തിന്റെ ഉദ്ഘാടനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഉഷാകുമാരി നിർവഹിച്ചു. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, തൊഴിലുറപ്പ് തൊഴിലാളികൾ ഉൾപ്പെടെ 50 നിരവധി പേർ ചടങ്ങിൽ പങ്കെടുത്തു.



# ട്രീ പ്ലാന്റിങ് ഡ്രൈവ് ഏറ്റെടുത്ത് പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല എൻ.എസ്.എസ്. യൂണിറ്റായ ഗ്രീൻ കാമ്പസ് സെല്ലിന്റെ സഹകരണത്തിൽ ഹരിതകേരളം മിഷനും കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടും തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ ട്രീ പ്ലാന്റിങ് ഡ്രൈവ് നടത്തി. സുസ്ഥിര ജൈവ വൈവിധ്യം നിലനിർത്തുക എന്ന ലക്ഷ്യത്തോടെ ആണ് ഡ്രൈവ് സംഘടിപ്പിച്ചത്. പൈങ്ങോട്ടൂർ പഞ്ചായത്തിലെ പൈങ്ങോട്ടൂർ തോടിന്റെ വശങ്ങളിലായി 80 മുളകൾ ആണ് ഇതിന്റെ ഭാഗമായി നട്ടത്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുളകൾ വിതരണം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ജിജി ഷിജു ഡ്രൈവ് ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധി



കൾ, ഉദ്യോഗസ്ഥർ, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ, റിസോഴ്സ് പേഴ്സൺ, തൊഴിലുറപ്പ് തൊഴിലാളികൾ, വിദ്യാർത്ഥികൾ, അധ്യാപകർ തുടങ്ങിവർ പങ്കെടുത്തു.

# പയ്യന്നൂർ കോളേജിൽ ഗ്രീൻബ്രിഗേഡ്

ശുചിത്വ സമൃദ്ധവും ഹരിതവുമായ കാമ്പസ് ലക്ഷ്യമിട്ടുള്ള കോളേജ് വിദ്യാർത്ഥികളുടെ കൂട്ടായ്മയായ ഗ്രീൻ ബ്രിഗേഡുകളുടെ പ്രവർത്തനം പയ്യന്നൂർ കോളേജിൽ ആരംഭിച്ചു. ജില്ലാ കളക്ടർ എസ്. ചന്ദ്രശേഖർ ഐ.എ.എസ്. പ്രവർത്തന ഉദ്ഘാടനം നിർവ്വഹിച്ചു. കോളേജ് വിദ്യാർത്ഥികൾക്കിടയിൽ നിന്ന് നിശ്ചിത എണ്ണം




വിദ്യാർത്ഥികളെ കണ്ടെത്തിയാണ് ഗ്രീൻ ബ്രിഗേഡ് രൂപീകരിക്കുന്നത്. കോളേജ് കാമ്പസിലെ പരിസ്ഥിതി ഹരിത, ശുചിത്വ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനാണ് ഗ്രീൻ ബ്രിഗേഡ് രൂപീകരിക്കുന്നത്. മാലിന്യമില്ലാത്ത കാമ്പസ്, ഹരിത പെരുമാറ്റ രീതികൾ അവലംബിച്ചുള്ള കാമ്പസ് പരിപാടികൾ, മാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനായുള്ള സാമൂഹ്യ ബോധവല്ക്കരണ പ്രവർത്തനങ്ങൾ, കാമ്പസ് പച്ചത്തുരുത്തുകൾ ഒരുക്കൽ, പരിസ്ഥിതി ക്യാമ്പുകൾ, കോളനി ദത്തെടുക്കൽ, പഠന പര്യടന യാത്രകൾ, തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ വിവിധ ഏജൻസികൾ, മിഷനുകൾ, സന്നദ്ധ സംഘടനകൾ, സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ ഗ്രീൻ ബ്രിഗേഡ് സംഘടിപ്പിക്കും. മാലിന്യമുക്തം നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷനും ശുചിത്വമിഷനും കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തും സംയുക്തമായാണ് പയ്യന്നൂർ കോളേജിന്റ നേതൃത്വത്തിൽ ഗ്രീൻ ബ്രിഗേഡ് രൂപീകരിച്ചത്.

# സുസ്ഥിര തൃത്താല നവകേരളം പച്ചതുരുത്തുകൾ

പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ തൃത്താല ബ്ലോക്കിലെ മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ 'സുസ്ഥിര തൃത്താല നവകേരളം പച്ചത്തുരുത്തുകൾ' സ്ഥാപിച്ചു. തൃത്താല ഗ്രാമപഞ്ചായത്ത് എ.യു.പി.എസ്. ഞങ്ങാട്ടിരി സ്കൂളിൽ 5 സെന്റ് സ്ഥലത്ത് 25 ഫലവൃക്ഷ തൈകൾ നട്ടും, നാഗലശ്ശേരി ഗ്രാമപഞ്ചായത്തിലെ അഷ്ടാംഗം ആയുർവേദ വിദ്യാപീഠം & ചികിത്സാലയത്തിലെ 6 സെന്റ് വരുന്ന സ്ഥലത്ത് 50 തൈകൾ വച്ച് പിടിപ്പിച്ചും, പട്ടിത്തറ ഗ്രാമപഞ്ചായത്ത് എം.സി.എഫിനോട് ചേർന്നു കിടക്കുന്ന 10 സെന്റ് സ്ഥലത്ത് പുതുതായി 40 തൈകൾ വച്ച് പിടിപ്പിച്ചുമാണ് പച്ചത്തുരുത്തുകൾ ഒരുക്കിയത്.



## ഹരിത കർമസേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ



കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയിലെ ഹരിത കർമസേനാംഗങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്തു. വിതരണോദ്ഘാടനം നഗരസഭ വൈസ് ചെയർമാൻ അഡ്വ. കെ. സത്യൻ നിർവഹിച്ചു. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പ്രജില സി. അധ്യക്ഷത വഹിച്ചു. റെയിൻ കോട്ട്, യൂണിഫോം, ഗ്ലൗസ്, ഗംബൂട്ട്, തൊപ്പി, അർബാന, സോപ്പ് എന്നിവയാണ് വിതരണം ചെയ്തത്.

## മാലിന്യം നിക്ഷേപിച്ചിരുന്ന ഇടം പൂന്തോട്ടമാവുന്നു

തൃശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിലെ പുറനാട്ടുകര പോസ്റ്റ്ഓഫീസ് പരിസരത്തെ മാലിന്യം നീക്കം ചെയ്ത് തൊഴിലുറപ്പ് തൊഴിലാളികൾ പൂന്തോട്ടം നിർമ്മിച്ചു. പഞ്ചായത്തിലെ മുന്നറിയിപ്പ് ബോർഡിനെ അവഗണിച്ചാണ് ഇവിടെ മാലിന്യം തള്ളിയിരുന്നത്. ഇതിന് അറുതി വരുത്താനാണ് തൊഴിലുറപ്പ് തൊഴിലാളികൾ പൂന്തോട്ടം നിർമിക്കാൻ തീരുമാനിച്ചത്. പൂന്തോട്ട നിർമ്മാണം പൂർത്തിയാക്കിയതിനെ തുടർന്ന് പരിസരം നിരീക്ഷിക്കാൻ പഞ്ചായത്ത് സംവിധാനം ഒരുക്കുകയും ചെയ്തു.



## കാലിക്കടവ് ഗവ. ഹൈസ്കൂളിന് പുതിയ മന്ദിരം

ഭാവിയിലെ തൊഴിലിനായി വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിനായുള്ള കരിയർ കേന്ദ്രീകൃത വിദ്യാഭ്യാസം സ്കൂളുകളിൽ നിന്ന് തന്നെ ആരംഭിക്കണമെന്ന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ കാലിക്കടവ് ഗവ. ഹൈസ്കൂളിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കിഫ്ബി ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചെലവിൽ, നിലവിലുള്ള രണ്ടു കെട്ടിടങ്ങളുടെ മുകളിലായാണ് പുതിയ നിർമ്മാണങ്ങൾ നടത്തിയത്.

## ഹരിത കർമസേനയ്ക്ക് ഇൻഷുറൻസ് പരിരക്ഷ നല്കി ഈരാറ്റുപേട്ട നഗരസഭ



ഹരിത കർമസേനാംഗങ്ങൾക്കുള്ള ഇൻഷുറൻസ് കാർഡുകളുടെയും റെയിൻ കോട്ടുകളുടെയും വിതരണോദ്ഘാടനം ഈരാറ്റുപേട്ട നഗരസഭ അധ്യക്ഷ സുഹ്റ അബ്ദുൽ ഖാദർ നിർവഹിച്ചു. നഗരസഭ കൗൺസിൽ ഹാളിൽ നടന്ന പരിപാടിയിൽ ആരോഗ്യകാര്യ സ്ഥിരംസമിതി അധ്യക്ഷ ഡോ. സഹ്ല ഫിർദൗസ് അധ്യക്ഷത വഹിച്ചു. ചികിത്സയ്ക്ക് സാമ്പത്തിക ബുദ്ധിമുട്ട് നേരിടേണ്ടിവരുന്ന ഹരിതസേനാംഗങ്ങൾക്ക് കൈത്താങ്ങേകുക എന്ന ലക്ഷ്യത്തോടെയാണ് ഇൻഷുറൻസ് പരിരക്ഷ നല്കുകന്നത്. നഗരസഭയിലെ മുഴുവൻ ഹരിത കർമസേന അംഗങ്ങളുടെയും സ്വകാര്യ ആശുപത്രികളിലെയുൾപ്പെടെയുള്ള ചികിത്സാചെലവുകൾ ഇൻഷുറൻസ് കമ്പനി വഹിക്കും.

## പാതയോരങ്ങളിൽ പൂന്തോട്ടം പദ്ധതിയുമായി കൊരട്ടി ഗ്രാമപഞ്ചായത്ത്

തൃശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തും ഹരിത കർമസേനയും കുടുംബശ്രീയും ചേർന്നാണ് പൂങ്കാവനം പദ്ധതി നടപ്പിലാക്കുന്നത്. തുടർച്ചയായി മാലിന്യ പ്രശ്നം ഉള്ള ദേശീയ പാതയുൾപ്പെടെയുള്ള സ്ഥലങ്ങളിൽ പൂന്തോട്ടം നട്ടുപിടിപ്പിക്കും. പദ്ധതിയുടെ ഭാഗമായി കൊരട്ടി ഗ്രാമപഞ്ചായത്ത് CDS കമ്മിറ്റി 2500 ചെണ്ടുമല്ലി തൈകൾ എത്തിച്ചു. വിജയകരമായി പൂർത്തിയാക്കിയാൽ മറ്റു പ്രദേശങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കും. പദ്ധതിയുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.സി. ബിജു നിർവഹിച്ചു.

## യൂസർഫീ ചലഞ്ചുമായി തെക്കുംകര ഗ്രാമപഞ്ചായത്ത്

മാലിന്യമുക്തം നവകേരളം പ്രവർത്തനങ്ങളുടെ ഭാഗമായി തൃശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്ത് യൂസർ ഫീ ചലഞ്ച് സംഘടിപ്പിച്ചു. തെക്കുംകര ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന പരിപാടി ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി.സി. സജീന്ദ്രൻ തന്റെ വീടിന്റെ ഒരു വർഷത്തെ യൂസർ ഫീ ഹരിത കർമസേന അംഗങ്ങൾക്ക് കൈമാറി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് ഓഫീസും ഘടക സ്ഥാപനങ്ങളും എല്ലാ മെമ്പർമാരും ഒരുവർഷത്തെ യൂസർ ഫീ ഒരുമിച്ചു നൽകി മാലിന്യ സംസ്കരണത്തിന് മാതൃകയായി. മാലിന്യപരിപാലന പ്രവർത്തനങ്ങൾക്ക് കൂടുതൽ ജനപിന്തുണ നേടാനും ഹരിത കർമസേന പ്രവർത്തനങ്ങളിൽ സഹകരണം ഉറപ്പാക്കാനും ഇത്തരം പ്രവർത്തനങ്ങൾക്ക് സാധിക്കുന്നുണ്ട്. സെക്രട്ടറി ഡോക്ടർ പി.എൻ. ബിന്ദു സ്വാഗതവും, അസിസ്റ്റന്റ് സെക്രട്ടറി പി.കെ. ശോഭന നന്ദിയും പറഞ്ഞു. പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻമാരായ പി.ആർ. രാധാകൃഷ്ണൻ, സബിത സതീഷ്, പി.ടി. മണികണ്ഠൻ, ഐശ്വര്യ ഉണ്ണി, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ഹരിതം ആരോഗ്യം പരിശോധന

ഹരിതം ആരോഗ്യം കാമ്പയിന്റെ ഭാഗമായി പുൽപ്പള്ളി, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തുകളിലെ ഹരിത കർമസേന അംഗങ്ങൾക്ക് ആരോഗ്യ പരിശോധന നടത്തി. നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെയും ആർദ്രം മിഷന്റെയും സംയുക്താഭിമുഖ്യത്തിലാണ് ഹരിതം ആരോഗ്യം കാമ്പയിൻ നടപ്പിലാക്കുന്നത്. വയനാട് ജില്ലയിലെ മുഴുവൻ ഹരിത കർമസേന അംഗങ്ങൾക്കും ആരോഗ്യ പരിശോധന നടത്തുകയാണ് കാമ്പയിന്റെ ലക്ഷ്യം.

ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വാതിൽപ്പടി സേവനം നല്കുന്ന ഹരിത കർമസേനാംഗങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുകയാണ് കാമ്പയിന്റെ ലക്ഷ്യം. സാംക്രമിക രോഗങ്ങളെപ്പറ്റിയും, മഴക്കാല മുന്നൊരുക്കങ്ങളെ പറ്റിയുമുള്ള ക്ലാസും



സംഘടിപ്പിച്ചു. ചടങ്ങിൽ നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു, ആർദ്രം നോഡൽ ഓഫീസർ ഡോ. പി.എസ്. സുഷമ, മെഡിക്കൽ ഓഫീസർ ഡോ. കെ. പ്രഭാകരൻ, പുൽപ്പള്ളി പഞ്ചായത്ത് സെക്രട്ടറി വി.എച്ച്. തോമസ് എന്നിവർ സംസാരിച്ചു.

## അന്താരാഷ്ട്ര പ്ലാസ്റ്റിക്ക് ക്യാരി ബാഗ് വിരുദ്ധ ദിനം – തുണി സഞ്ചി വിതരണം ചെയ്തു

ബദൽ ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവുമായി 2023 ജൂലൈ 3 ന് അന്താരാഷ്ട്ര പ്ലാസ്റ്റിക്ക് ക്യാരി ബാഗ് വിരുദ്ധ ദിനാഘോഷത്തിന്റെ



ആലപ്പുഴ ജില്ലാതല ഉദ്ഘാടനം ജില്ലാ ആസൂത്രണ സമിതി ഹാളിൽ മുൻ ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് ഗ്രാമ പഞ്ചായത്ത് അദ്ധ്യക്ഷന്മാർക്ക് തുണിസഞ്ചി വിതരണം ചെയ്തുകൊണ്ട് നിർവഹിച്ചു. ജനങ്ങൾ ഒത്തുചേരുന്ന ഇടങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത് വലിയ ബഹുജന വിദ്യാഭ്യാസ പരിപാടിയായി വികസിപ്പിച്ചെടുക്കാനാണ് ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നത്. ബദൽ ഉല്പന്നങ്ങൾ പ്രചരിപ്പിക്കുന്നതിനും നിയമനടപടികൾ കർശനമാക്കുന്നതിനും പ്രത്യേക കർമപരിപാടിയും ഇതോടൊപ്പം തയ്യാറാക്കിയിട്ടുണ്ട്.

## 12 ടൺ തുണി മാലിന്യം സംസ്കരണത്തിനായി കൈമാറി കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

കോഴിക്കോട് ജില്ലയിലെ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മാവൂർ ഹരിത കർമസേന അംഗങ്ങളുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷന്റെ സഹായത്തോടെ നടത്തിയ തുണി മാലിന്യ ശേഖരണത്തിന്റെ ഭാഗമായി 12 ടൺ തുണി മാലിന്യം സംസ്കരണത്തിനായി കൈമാറി. കലണ്ടർ അടിസ്ഥാനത്തിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി ശേഖരിച്ചിരുന്ന ആദ്യ ലോഡ് തുണി മാലിന്യമാണ് സംസ്കരണത്തിനായി കൈമാറിയത്.

# ദുരിതാശ്വാസക്യാമ്പിൽ കൈത്താങ്ങായി പായിപ്പാട് ഹരിത കർമസേന

**100%** വാതിൽപ്പടി ശേഖരണവും യൂസർഫീ കളക്ഷനും മാത്രമല്ല സന്നദ്ധ പ്രവർത്തനവും ജോലിയുടെ ഭാഗമാക്കുകയാണ് കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്ത് ഹരിത കർമസേന. മഴ ശക്തമായതോടെ **AC** കോളനിയിൽ പൂവം എൽ.പി. സ്കൂളിൽ ആരംഭിച്ച ദുരിതാശ്വാസക്യാമ്പിൽ സാധനങ്ങൾ എത്തിച്ചും പാചകംചെയ്തും ഭക്ഷണം വിളമ്പിയും ഇവർ കൈത്താങ്ങായി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ഡി. മോഹനൻ, വാർഡ് മെമ്പർ പാപ്പച്ചൻ, പഞ്ചായത്ത് ഉദ്യോഗസ്ഥർ എന്നിവരുടെ പിന്തുണയോടെ, കൺസോർഷ്യം പ്രസിഡന്റ് വത്സമ്മ പ്രഭാകരന്റേയും സെക്രട്ടറി ലതാമുരളിയുടേയും നേതൃത്വത്തിൽ മുഴുവൻ ഹരിത കർമസേന അംഗങ്ങളും ഒത്തുചേർന്നാണ്



പ്രവർത്തനങ്ങൾ ഏറ്റെടുത്തത്.

# ഹരിതവിദ്യാലയം ഗ്രീൻ ടോക്ക് ഷോ സംഘടിപ്പിച്ച



ഹരിതവിദ്യാലയം ശുചിത്വ വിദ്യാലയം കാമ്പയിന്റെ ഭാഗമായി കുട്ടികളിൽ ശുചിത്വ ശീലങ്ങളും ശുചിത്വ ബോധവും വളർത്തിയെടുക്കുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിലെ പെരളശ്ശേരി എ.കെ.ജി. സ്മാരക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഗ്രീൻ ടോക്ക് ഷോ സംഘടിപ്പിച്ചു. പെരളശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.വി. ഷീബയുടെ അധ്യക്ഷതയിൽ ഇൻസ്പെക്ടർ ഓഫ് പോലീസ് ശ്രീജിത്ത് കൊടേരി ടോക്ക് ഷോ ഉദ്ഘാടനം ചെയ്തു. സ്കൂളിലെ എല്ലാ ക്ലാസുകളിലുമായി മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് ശുചിത്വ ബോധവല്ക്കരണ പരിപാടി സംഘടിപ്പിച്ചത്. എല്ലാ ക്ലാസുകളിലും വലിച്ചെറിയൽ വിമുക്ത വിദ്യാലയം പ്രതിജ്ഞ ചൊല്ലി. സ്കൂൾ അങ്കണത്തിൽ ചെറിയ പ്ലാസ്റ്റിക് കവറുകൾ നിക്ഷേപിക്കുവാനുള്ള കുട്ടിക്കൊട്ട സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം കുട്ടികളുടെ ഗ്രീൻ അംബാസിഡർ ഹിതൈഷ്ണി ബിനീഷ് നിർവഹിച്ചു.



ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്കിലെ ചക്കുപള്ളം ഗ്രാമപഞ്ചായത്തിൽ നീരുറവ് പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചാം വാർഡിലെ പാമ്പുംപാറ അണക്കര തോടിന്റെ നീരൊഴുക്ക് വീണ്ടെടുത്തു കയർ ഭൂവസ്ത്രം വിരിക്കുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു, **500** മീറ്റർ ദൂരത്തിൽ ആണ് നീർച്ചാൽ വീണ്ടെടുത്തു ഒഴുക്ക് സുഗമമാക്കിയത്.



കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമപഞ്ചായത്ത് പുതിയ കാര്യാലയത്തിന്റെ ഡി.പി.ആർ. പ്രകാശനവും മൂന്നാംഘട്ട ലൈഫ് പദ്ധതിയുടെ ഭൂരഹിത ഭവനരഹിതർക്കുള്ള പ്രമാണം കൈമാറൽ ചടങ്ങും മന്ത്രി എം.ബി. രാജേഷ് നിർവഹിക്കുന്നു.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in